പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:805 28.09.2011- ലെ മറുപടി

കെ.എസ്.ആർ.ടി.സിയുടെ സർവ്വീസുകൾ കാര്യക്ഷമമാക്കുന്നതിന് പദ്ധതികൾ

ചോദ്യം

ഉത്തരം

ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

ശ്രീ. വി.എസ്. ശിവകുമാർ
ഗതാഗതവും ദേവസ്വവും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി യുടെ സഞ്ചിത നഷ്ടം എത്രയാണെന്ന് വ്യക്തമാക്കുമോ ; | (എ) | കെ.എസ്.ആർ.ടി.സി.യിൽ 2008 - 09 വരെയുള്ള വാർഷിക കണക്കുകൾ മാത്രമേ പൂർത്തിയായിട്ടുള്ളൂ. 2010 - 11-ലെ താൽക്കാലിക കണക്കനുസരിച്ച് കെ.എസ്.ആർ.ടി.സി.യുടെ സഞ്ചിത നഷ്ടം 1,962.75 കോടി രൂപയാണ്. |
| (ബി) | പ്രതിദിനം ശരാശരി എത്ര രൂപ കളക്ഷനും എത്ര രൂപ ചെലവും വരുന്നുണ്ട് ; | (ബി) | കെ.എസ്.ആർ.ടി.സി.യുടെ 2011 സെപ്റ്റംബർ മാസത്തെ പ്രതിദിന ശരാശരി കളക്ഷൻ - 4.13 കോടി രൂപയും, പ്രതിദിന ശരാശരി ചെലവ് - 5.04 കോടി രൂപയുമാണ്. |
| (സി) | നഷ്ടത്തിൽ നിന്നും കരയറ്റുന്നതിനും സർവ്വീസുകൾ കാര്യക്ഷമമാക്കുന്നതിനും എന്തെല്ലാം പദ്ധതികൾ സ്വീകരിച്ചുവെന്നും പുതുതായി എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുവെന്നും വ്യക്തമാക്കുമോ? | (സി) | ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ ഏതാണ്ട് 900 ഓളം ഷെഡ്യൂളുകൾക്ക് കിലോമീറ്റർ പ്രതി വരുമാനം 20 രൂപയ്ക്ക് താഴെയായിരുന്നു. ഇവയിൽ 525 ഷെഡ്യൂളുകൾ വരുമാനം കൂടുതൽ ലഭിക്കത്തക്ക രീതിയിലും യാത്രക്കാർക്ക് പ്രയോജന പ്രദമായ രീതിയിലും പുനഃക്രമീകരിച്ചിട്ടുണ്ട്. ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി പട്ടണങ്ങളുടെ പ്രധാന കേന്ദ്രങ്ങളിൽ സ്ഥിതി ചെയ്യുന്ന ഡിപ്പോകളിൽ ഷോപ്പിംഗ് കോംപ്ലക്സുകളുടെ നിർമ്മാണം നടന്നു വരികയാണ്. ഇവയിൽ കാട്ടാക്കട, അങ്കമാലി എന്നിവയുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. കൂടുതൽ യാത്രക്കാരെ ആകർഷിക്കുന്നതിലേക്കായി |

| | |
|---|---|
| | ദീർഘദൂര സർവ്വീസുകൾക്ക് സൂപ്പർ എക്സ്പ്രസ്സ് എയർ ബസ്സ് ഉപയോഗിച്ച് വരികയാണ്. ഓൺ ലൈൻ റിസർവ്വേഷൻ സൗകര്യം ദീർഘദൂര സർവ്വീസുകളിൽ വ്യാപകമാക്കുന്നതാണ്. ജി.പി.എസ്. സംവിധാനം ഏർപ്പെടുത്തുന്നതിനും പദ്ധതികൾ ആലോചിച്ച് വരുന്നു. ഈ വർഷം ആദ്യഘട്ടമെന്ന നിലയ്ക്ക് 500 ബസ്സുകൾ വാങ്ങുന്നതിനും ടി ബസ്സുകൾ ഉപയോഗിച്ച് ലാഭകരമായി നടത്തുവാൻ കഴിയുന്ന കൂടുതൽ ചെയിൻ സർവ്വീസുകൾ ആരംഭിക്കുന്നതിനും പദ്ധതിയുണ്ട്. |

സെക്ഷൻ ഓഫീസർ